പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 359 27.09.2016- ൽ മറുപടിക്ക്

"പൂട്ടിക്കിടക്കുന്ന സ്റ്റീൽ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് നടപടി "

ചോദ്യം

ശ്രീ.ബി.സത്യൻ

ഉത്തരം

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | ആറ്റിങ്ങലിൽ പൂട്ടിക്കിടക്കുന്ന സ്റ്റീൽ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | എ), ബി) & സി) | കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയത്തിൻ കീഴിൽ യൂട്ടെൻസിൽസ് നിർമ്മിക്കുന്നതിനുള്ള ഒരു എക്സ്റ്റെൻഷൻ സെന്റർ ആയിരുന്നു ആറ്റിങ്ങലിലെ സ്റ്റീൽ ഫാക്ടറി. ഇവിടെ സ്റ്റീൽ പാത്രങ്ങളുടെയും ഉപകരണങ്ങളുടെയും നിർമ്മാണം/ പരിശീലനം/ വിതരണം എന്നിവ നടത്തിയിരുന്നു. സാമ്പത്തിക വിപണന കാരണത്താൽ ഈ സ്ഥാപനം 1992-ൽ അടച്ചുപൂട്ടുകയുണ്ടായി. ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി എം.എസ്.എം.ഇ രണ്ട് പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. ഇത് കേന്ദ്രസർക്കാരിന് കീഴിലുള്ള സ്ഥാപനമായതിനാൽ സംസ്ഥാന സർക്കാരിന് ഇടപെടുന്നതിന് പരിമിതികളുണ്ട്. |
| ബി) | ഇതിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും പൂട്ടിക്കിടക്കാനുണ്ടായ സാഹചര്യവും വിശദമാക്കാമോ; | | |
| സി) | ഇത് തുറന്നു പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ